ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) റെയ്സിന ഡയലോഗ് 11 ആം പതിപ്പിൻറെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ നിർവഹിച്ചു. ലോകക്രമം നിശ്ചയിക്കുന്നതിൽ ഇന്ത്യയ്ക്ക് നിർണായക പങ്കുണ്ടെന്ന് മുഖ്യപ്രഭാഷണത്തിൽ ഫിൻലൻഡ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ്.

   Prime Minister Narendra Modi inaugurated the 11th edition of Raisina Dialogue in New Delhi. In his keynote address, President of Finland Alexander Stubb stressed that the Global South will decide what the world order will look like next, and India will play a deciding factor in it.

2) സൈനിക നടപടികളിലൂടെ മാത്രം ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi says, India and Finland are unanimous that military conflict alone cannot resolve any issue.

3) പശ്ചിമേഷ്യൻ സംഘർഷം ആറാം ദിവസവും അതിരൂക്ഷമായി തുടരുന്നു. ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചിയുമായി ടെലഫോൺ സംഭാഷണം നടത്തി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ

The conflict in West Asia is escalating rapidly. External Affairs Minister Dr S Jaishankar today spoke with Iranian Foreign Minister Seyed Abbas Araghchi this afternoon.

4) 2027 ലെ സെൻസസിന്റെ ലോഗോ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനാച്ഛാദനം ചെയ്തു.

Union Home Minister Amit Shah today soft-launched four digital tools and formally unveiled the mascots for Census-2027 in New Delhi.

5) നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ കേരളത്തിലെത്തി.

Chief Election Commissioner Gyanesh Kumar has arrived in Kerala to assess the preparations ahead of the assembly elections.

6) ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പ് രണ്ടാം സെമിയിൽ ഇന്ത്യ - ഇംഗ്ലണ്ടിനെ നേരിടുന്നു.

ICC T20 Cricket World Cup, the semifinal match between India and England is underway.

***************

## Raisina Dialogue

റെയ്സിന ഡയലോഗിൻറെ 11 ആം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. ലോകക്രമം നിശ്ചയിക്കുന്നതിൽ ഇന്ത്യയ്ക്ക് നിർണായക പങ്കുണ്ടെന്ന് ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ഫിൻലൻഡ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു . ആഗോള രാഷ്ട്രീയം നിരവധി വെല്ലുവിളികളെ നേരിടുകയാണെന്നും, പാശ്ചാത്യ രാജ്യങ്ങൾ ലോകത്തെ നിയന്ത്രിച്ചിരുന്ന കാലം ഏതാണ്ട് അവസാനിച്ചതായും അദ്ദേഹം വ്യക്തമാക്കി. പ്രായോഗികമായ വിദേശ നയമാണ് ഇന്ത്യ പിന്തുടരുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആഗോള തലത്തിൽ നിലനിൽക്കുന്ന ഭൗമരാഷ്ട്രീയ പ്രശ്നങ്ങളും, സാമ്പത്തിക വെല്ലുവിളികളും മൂന്ന് ദിവസത്തെ റെയ്സിന ഡയലോഗ് ചർച്ച ചെയ്യും. 110 രാജ്യങ്ങളിൽ നിന്നുള്ള നേതാക്കളും, പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

****************

## PM-FINLAND PREZ MEETING (INTRO)

സൈനിക നടപടികളിലൂടെ മാത്രം ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ സാധിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഫിന്നിഷ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ്ബുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവന നടത്തുകയായിരുന്നു പ്രധാനമന്ത്രി. പരിസ്ഥിതി, കുടിയേറ്റം തുടങ്ങി നിരവധി മേഖലകളിലെ സഹകരണം സംബന്ധിച്ച ധാരണാപത്രങ്ങളിൽ ഇന്ത്യയും ഫിൻലൻഡും ഒപ്പുവച്ചു. ലോകം ഇന്ന് അസ്ഥിരതയുടെയും അനിശ്ചിതത്വത്തിന്റെയും കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് യുക്രൈൻ, പശ്ചിമേഷ്യൻ സംഘർഷങ്ങൾ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. നയതന്ത്രത്തിലും, നിയമവാഴ്ചയിലുമാണ് ഇന്ത്യയും ഫിൻലൻഡും വിശ്വസിക്കുന്നത്. ഇന്ത്യയും യൂറോപ്പും തമ്മിലുള്ള സഹകരണം ആഗോള സുസ്ഥിരതയെ ശക്തിപ്പെടുത്തുമെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്-പിഎം)

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളിലൊന്നായ ഇന്ത്യ, അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ കൂടിയാണെന്ന് അലക്സാണ്ടർ സ്റ്റബ്ബ് ചൂണ്ടിക്കാട്ടി. നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ഇന്ത്യയിലെത്തിയ ഫിന്നിഷ് പ്രസിഡൻറ്, രാഷ്ട്രപതി ദ്രൗപതി മുർമുവുമായും ഇന്ന് കൂടിക്കാഴ്ച നടത്തി.

***************

## FOREIGN SECY - IRAN EMBASSY

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചിയുമായി, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ടെലഫോൺ സംഭാഷണം നടത്തി. ഒമാൻ വിദേശകാര്യ മന്ത്രിയുമായും ശ്രീ ജയശങ്കർ ഇന്ന് സംസാരിച്ചു. ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയിയുടെ വേർപാടിൽ ഇന്ത്യയുടെ അനുശോചനം ഔദ്യോഗികമായി അറിയിച്ച് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് ഡൽഹിയിലെ ഇറാൻ എംബസി സന്ദർശിച്ചു. എംബസിയിലെ അനുശോചന പുസ്തകത്തിൽ അദ്ദേഹം ഒപ്പ് രേഖപ്പെടുത്തി.

***************

## EVE WEST ASIA CONFLICT(INTRO)

പശ്ചിമേഷ്യൻ സംഘർഷം ആറാം ദിവസവും അതിരൂക്ഷമായി തുടരുന്നു, ഇറാനെതിരെ അമേരിക്കയും, ഇസ്രായേലും സംയുക്ത വ്യോമാക്രമണം ശക്തമാക്കി. ഇറാനും മിസൈൽ, ഡ്രോൺ ആക്രമണം തുടരുകയാണ്. ലെബനീസ് സായുധ വിഭാഗമായ ഹിസ്ബുള്ളയും, ഇറാന് പിന്തുണ അറിയിച്ച് രംഗത്തുണ്ട്. സംഘർഷം എത്രയും വേഗം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി രാജ്യങ്ങൾ മുന്നോട്ട് വന്നു.

വിശദാംശങ്ങളിലേക്ക്

പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരവേ, അസർബൈജാനിലെ നഖ്ചിവാൻ വിമാനത്താവളത്തിന് സമീപം ഇറാൻ വ്യോമാക്രമണം നടത്തിയതായി ആരോപണമുയർന്നു. രണ്ട് പേർക്ക് പരിക്കേറ്റതായി

അസർബൈജാൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഖത്തറിന് നേരെയുണ്ടായ മിസൈൽ ആക്രമണം വ്യോമപ്രതിരോധ സംവിധാനത്തിലൂടെ തടഞ്ഞതായും, യുഎസ് എംബസിയുടെ സമീപത്ത് നിന്നും ജനങ്ങളെ ഒഴിപ്പിച്ചതായും ഖത്തർ അറിയിച്ചു. സൗദി അറേബ്യയും, യുഎഇയും ഡ്രോൺ, മിസൈൽ ആക്രമണങ്ങൾ പ്രതിരോധിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. ഇറാൻ യുദ്ധക്കപ്പലിന് നേരെ ഇന്നലെ നടത്തിയ ആക്രമണത്തിൽ അമേരിക്ക പശ്ചാത്തപിക്കേണ്ടി വരുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. ശ്രീലങ്കൻ തീരത്തിന് സമീപം നടന്ന ആക്രമണത്തിൽ 87 നാവികരാണ് കൊല്ലപ്പെട്ടത്.

ഇസ്രയേലിലെ ഡിമോണ ആണവ കേന്ദ്രം ആക്രമിക്കുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ടെഹ്റാനിലെ വിവിധ കേന്ദ്രങ്ങളിലും, ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങളിലും ഇസ്രയേൽ സൈന്യം ആക്രമണം തുടരുകയാണ്. സംഘർഷം എണ്ണ, പ്രകൃതി വാതകം എന്നിവയുടെ വിതരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.
ന്യൂസ് ഡസ്ക്, ആകാശവാണി

***************

## INDIAN EMBASSY UAE

പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ യുഎഇയിലെ എല്ലാ ഇന്ത്യൻ പൗരന്മാരും ജാഗ്രത പാലിക്കണമെന്ന് അബുദാബിയിലെ ഇന്ത്യൻ എംബസി . മേഖലയിലെ അസാധാരണമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് പതിവ് വിമാന സർവീസുകൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണെങ്കിലും, ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലേക്ക് പരിമിതമായ രീതിയിൽ, ഷെഡ്യൂൾ ചെയ്യാത്ത വിമാന സർവീസ് ആരംഭിച്ചിട്ടുണ്ട്. കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ പൗരന്മാർക്ക് അതത് എയർലൈനുകളുമായി ബന്ധപ്പെട്ട് ഈ വിമാന സർവീസുകൾ പ്രയോജനപ്പെടുത്താമെന്ന് എംബസി അറിയിച്ചു.

***************

## PM- FRENCH PRESIDENT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ച് സംഭാഷണം നടത്തി. മേഖലയിൽ സമാധാനവും സ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിനായി യോജിച്ച് പ്രവർത്തിക്കുമെന്ന് ഇരു നേതാക്കളും വ്യക്തമാക്കി .

***************

## CHIEF ELECTION COMMISSIONER

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ കേരളത്തിലെത്തി. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ എസ്.എസ് സന്ധു, വിവേക് ജോഷി എന്നിവർ ഒപ്പമുണ്ടായിരുന്നു. കൊച്ചി വിമാനത്താവളത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അദ്ദേഹത്തെ സ്വീകരിച്ചു.. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ചകൾ നടത്തും. എറണാകുളത്തെ ദർബാർ ഹാൾ മൈതാനം ശ്രീ ഗ്യാനേഷ് കുമാർ ഇന്ന് സന്ദർശിച്ചു.

***************

## RAJYASABHA

രാജ്യത്തെ 10 സംസ്ഥാനങ്ങളിൽ ഒഴിവ് വന്ന 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. നാളെയാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. ബിഹാർ മുഖ്യമന്ത്രിയും ജെഡിയു നേതാവുമായ നിതീഷ് കുമാർ, ബിജെപി ദേശീയ പ്രസിഡൻറ് നിതിൻ നബിൻ, കോൺഗ്രസ് സ്ഥാനാർത്ഥിയായി മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിംഗ്വി തുടങ്ങിയ പ്രമുഖർ രാജ്യസഭയിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചിട്ടുണ്ട്. ഈ മാസം 9 ആണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. മാർച്ച് 16-ന് നടക്കുന്ന തെരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനവും അന്നേ ദിവസം തന്നെ ഉണ്ടാവും.

***************

## Amit Shah- Census

2027 ലെ സെൻസസിന്റെ ലോഗോ അനാച്ഛാദനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ . ജനസംഖ്യ കണക്കെടുപ്പിനായുള്ള നാല് ഡിജിറ്റൽ ഉപകരണങ്ങളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു . കഴിഞ്ഞ ജൂൺ 16-നാണ് 2027 ലെ സെൻസസ് സംബന്ധിച്ച് കേന്ദ്രസർക്കാർ ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചത്. രണ്ട് ഘട്ടങ്ങളായി നടക്കുന്ന സെൻസസ് പ്രക്രിയയിൽ, ഇതാദ്യമായി ഡിജിറ്റൽ രീതിയിലാണ് വിവരശേഖരണം നടത്തുന്നത്.

***************

## MANDAVIYA- REVIEW MEETING

ഈ വർഷത്തെ ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യയുടെ തയ്യാറെടുപ്പുകൾ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് അവലോകനം ചെയ്തു. നാൽപ്പതിലധികം കായിക ഇനങ്ങളിലായി 700-ലധികം ഇന്ത്യൻ അത്‌ലറ്റുകൾ ഏഷ്യൻ ഗെയിംസിൽ മത്സരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെ ജപ്പാനിലെ ഐച്ചി-നഗോയയിലാണ് ഗെയിംസ് നടക്കുന്നത്.

***************

## ICC T-20

ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പ് രണ്ടാം സെമിയിൽ ഇന്ത്യ - ഇംഗ്ലണ്ടിനെ നേരിടുന്നു. ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 7-ആം ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 73 റൺസ് എന്ന നിലയിലാണ്. അഭിഷേക് ശർമ 9 റൺസിന് പുറത്തായി. സഞ്ജു സാംസണും, ഇഷാൻ കിഷനുമാണ് ക്രീസിലുള്ളത്. ടോസ് നേടിയ ഇംഗ്ളണ്ട് ഇന്ത്യയെ ബാറ്റിംഗിനയക്കുകയായിരുന്നു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

***************

## NEPAL ELECTION

നേപ്പാൾ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് സമാധാനപരമായി പൂർത്തിയായി. രാവിലെ 7 മണിക്ക് ആരംഭിച്ച പോളിങ്ങ് വൈകുന്നേരം 5 നാണ് സമാപിച്ചത്. പ്രതിനിധി സഭയിലെ 165 സീറ്റുകളിലേക്ക് 3,400 ലേറെ സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

***************

## CANADA PM-MODI PRAISE

വെല്ലുവിളികൾക്കിടയിലും സാധാരണക്കാർക്കായി ക്ഷേമ പദ്ധതികൾ എത്തിക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. ഓസ്ട്രേലിയയിലെ സിഡ്നിയിൽ നടന്ന പരിപാടിയിലാണ് അദ്ദേഹം അഭിപ്രായം പങ്കു വെച്ചത് .

***************

## CM Media

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം പകരുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാന പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംഘർഷവുമായി ബന്ധപ്പെട്ട വാർത്തകൾ അവധാനതയോടെ നൽകണമെന്നും മാധ്യമ മേധാവികളുടെ ഓൺലൈൻ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. വാർത്തകളിൽ അതിശയോക്തി കലർത്തുന്നത് പ്രവാസികളെയും കുടുംബങ്ങളെയും പല രീതിയിൽ ബാധിക്കുമെന്നും അദ്ദേഹം ഓർമപ്പെടുത്തി.

***************

**********

******